പത്രപ്രസ്താവന

ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഫെബ്രുവരി 8, 2017

## വികസനത്തിനും നിയന്ത്രണത്തിനുമുള്ള നയങ്ങൾ

ബാങ്കിംഗ് ഘടന കൂടുതൽ ശക്തിമത്താക്കുന്നതിനും പേയ്മെന്റ്സും സെറ്റിൽമെന്റും വ്യവസ്ഥകൾ കൂടുതൽ ഫലപ്രദമാക്കുന്നതിനുമായി വികസനവും നിയന്ത്രണവും ഉറപ്പുവരുത്തുന്ന നയപരിപാടികൾ ആവിഷ്കരിക്കുകയാണ്

2. നിയന്ത്രണം, നിരീക്ഷണം, പ്രാബല്യത്തിലാക്കൽ എന്നിവയാണ് സാമ്പത്തിക മേഖലയിലെ മേൽനോട്ട ഘടനയിലെ പ്രധാനപ്പെട്ട മൂന്ന് വശങ്ങൾ. ഒരു ഭാഗത്ത് സുതാര്യത, താരതമ്യ പഠനം, വിവേകപൂർണ്ണമായ പ്രായോഗിക ബുദ്ധി എന്നിവ ഉറപ്പുവരുത്തുകയും മറുഭാഗത്ത് ഇടപാടുകാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുകയും ചെയ്യാൻ ഉതകുന്ന തരത്തിലുള്ള ചട്ടക്കൂട് സാമ്പത്തിക സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് നിയന്ത്രണത്തിൽകൂടിയാണ്. നിയന്ത്രണങ്ങൾ ബാങ്കുകൾ പാലിക്കുന്നു എന്ന് നിരീക്ഷണത്തിൽനിന്നും മനസ്സിലാക്കുവാൻ കഴിയും. നിരീക്ഷണത്തിൽ നിന്നും ഏതെങ്കിലും സ്ഥാപനം നിയന്ത്രണങ്ങൾ പാലിക്കുന്നില്ല എന്നു കണ്ടെത്തിയാൽ നിയമങ്ങൾ പാലിക്കുവാൻ അവരെ നിർബന്ധിക്കേണ്ടത് എൻഫോഴ്സ്മെന്റിന്റെ ചുമതലയാണ്. ഭാരതീയ റിസർവ്വ് ബാങ്കിൽ നിയന്ത്രണവും നിരീക്ഷണവും വ്യക്തമായി വേർതിരിച്ചിട്ടുള്ള രണ്ട് പ്രവർത്തനങ്ങളാണ്. കുറ്റമറ്റ ഒരു ചട്ടക്കൂടും എൻഫോഴ്സ്മെന്റ് നടപടികൾക്ക് വേഗതകൂട്ടാനുള്ള പ്രക്രിയയും വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പ്രത്യേക എൻഫോഴ്സ്മെന്റ് വിഭാഗം തുടങ്ങുവാൻ തീരുമാനിച്ചിരിക്കുന്നു. 2017 ഏപ്രിൽ 1 മുതൽ ഈ ഡിപ്പാർട്ട്മെന്റ്

പ്രവർത്തനം ആരംഭിക്കുമെന്നും അതിനാവശ്യമായ നടപടികൾ തുടങ്ങിക്കഴിഞ്ഞുവെന്നും അറിയിക്കുന്നു.

3. വിവര സാങ്കേതിക വിദ്യയും സൈബർ സുരക്ഷയും എന്ന വിഷയത്തിലുള്ള വിദഗ്ദ സമിതി (അദ്ധ്യക്ഷ ശ്രീമതി മീണാ ചന്ദ്ര) നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2016 ജൂൺ 2 ന് ഭാരതീയ റിസർവ് ബാങ്ക് സൈബർ അപായ സാദ്ധ്യതകൾ നേരിടുന്നതിന് സൈബർ സുരക്ഷാ തയ്യാറെടുപ്പിനെകുറിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ബാങ്കുകൾ തങ്ങളുടെ പ്രതിരോധത്തിന് ശക്തി കൂട്ടുവാനുള്ള നടപടികൾ എടുത്തിട്ടുണ്ടെങ്കിലും വൈവിധ്യവും വൈദഗ്ദ്ധ്യവുമുള്ള സൈബർ ആക്രമണങ്ങൾ സമീപകാലത്ത് ഉണ്ടാകുന്നതുകൊണ്ട് സൈബർ സുരക്ഷാരീതികളുടെ പൂർണ്ണമായ അവസ്ഥയെക്കുറിച്ചും പുതുതായി ആവിർഭവിക്കുന്ന ഭീഷണികളെക്കുറിച്ചും തുടർച്ചയായ അവലോകനം ആവശ്യമായിരിക്കുന്നു. ഈ ഉദ്ദേശത്തോടെ സൈബർ സുരക്ഷയ്ക്കായി ഒരു സ്റ്റാൻഡിംഗ് കമ്മിറ്റി താഴെപറയുന്ന കാര്യങ്ങൾക്കുംകൂടി വേണ്ടി രൂപീകരിക്കുവാൻതീരുമാനിച്ചിരിക്കുന്നു.

- നിലവിലുള്ള/ പുതുതായി ഉണ്ടാകുന്ന സാങ്കേതിക വിദ്യയിൽ അന്തർലീനമായ വിപത്തുകളെക്കുറിച്ച് അവലോകനം ചെയ്യുക.
- പാലിക്കാൻ കഴിയുന്ന വിവിധതരം സുരക്ഷാ മാനദണ്ഡങ്ങൾ/ പെരുമാറ്റ ചട്ടങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനം.
- തല്പര കക്ഷികളുമായുള്ള ഇടപെടൽ
- സൈബർ സുരക്ഷ ഉറപ്പിക്കുവാനും മെച്ചപ്പെട്ട പൂർവ്വസ്ഥിതിയിൽ എത്തിക്കാനും സമുചിതവും നയപരവുമായ ഇടപെടൽ നിർദ്ദേശിക്കുക.

ജോസ് ജെ.കാട്ടൂർ
ചീഫ് ജനറൽ മാനേജർ

പത്രപ്രസ്താവന : **2016-2017/2127**